(ബി) കെ.ടി.ഡി.സി.-യുടെ പ്രവർത്തനമേഖലയിൽ മലബാർ മേഖല ഉൾപ്പെടുന്നതുകൊണ്ട് പ്രത്യേകം ഒരു വികസന കോർപ്പറേഷൻ രൂപീകരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല.

(സി&ഡി) ഉണ്ട്. മിസ്റ്റിക്സ് ഓഫ് മലബാർ 2003 എന്ന പരിപാടി പ്രധാനമായും ഈ ലക്ഷ്യം മുൻനിർത്തിയാണ് സംഘടിപ്പിച്ചിരിക്കുന്നത്.

പേൾകൃഷി

6 (*673) ശ്രീ. കെ. ബാബു :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് പേൾകൃഷി നടക്കുന്നത് ;

(ബി) ഇത് വ്യാവസായികാടിസ്ഥാനത്തിൽ നടത്തുവാൻ എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ട് ;

(സി) മത്സ്യബന്ധനവകുപ്പ് വിഴിഞ്ഞത്ത് നടത്തിവന്നിരുന്ന പേൾകൃഷി നിർത്തിവച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തുകൊണ്ടെന്ന് പറയുമോ ;

(ഇ) സെൻട്രൽ മറൈൻ ഫിഷിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ച പേൾകൃഷിയിൽ വ്യാപകമായ തോതിൽ പരിശീലനം നൽകുവാൻ ഉദ്ദേശമുണ്ടോ ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) :

(എ) ഫിഷറീസ് വകുപ്പ് ഇപ്പോൾ പേൾകൃഷി നടത്തുന്നില്ല.

(ബി) ബാധകമല്ല.

(സി) നിർത്തലാക്കിയിട്ടുണ്ട്.

(ഡി) ഫിഷറീസ് വകുപ്പ് വിഴിഞ്ഞത്ത് നടത്തിവന്നിരുന്ന പേൾകൾച്ചർ പ്രോജക്ട് ഒരു പൈലറ്റ് പ്രോജക്ട് മാത്രമായിരുന്നു. ഇത് 1984-ൽ താഴെ പറയുന്ന കാരണങ്ങളാൽ അവസാനിക്കുകയുണ്ടായി.

1. പദ്ധതി ആരംഭിച്ചിട്ട് / വർഷങ്ങൾക്കുശേഷവും നേട്ടങ്ങൾ ഒന്നുംതന്നെ ഉണ്ടായില്ല.
2. വിഴിഞ്ഞം ഹാർബർ പദ്ധതിക്ക് കേന്ദ്രഗവൺമെന്റിന്റെ അനുമതി ലഭിക്കുന്നതോടുകൂടി മുത്തുച്ചിപ്പികൃഷി വിഴിഞ്ഞം കടലിൽ തുടരുവാൻ കഴിയാതെ വരും.

LIBRARY ARCHIVES Kerala Legislative Assembly

3. നേട്ടങ്ങൾ ഉണ്ടാകാത്ത പദ്ധതിക്കായി സർക്കാരിന്റെ ഫണ്ട് അനാവശ്യമായി ചെലവിടേണ്ടിവരുന്നു.

4. വിഴിഞ്ഞം പേൾകൃഷി വ്യാവസായികമായി ലാഭകരമല്ലായെന്ന് കാണുന്നു.

(ഇ) ഇല്ല.

വൈദ്യുതി രംഗത്ത് കേന്ദ്രഗവൺമെന്റ് നിർദ്ദേശിച്ച പരിഷ്ക്കാര നടപടികൾ

7 (*674) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. സാജു പോൾ :
ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി രംഗത്ത് പ്രാബല്യത്തിൽ വരുത്തുന്നതിനായി നിർദ്ദേശിക്കപ്പെട്ട പരിഷ്ക്കാരങ്ങളും അവ ഉളവാകുന്ന പ്രത്യാഘാതങ്ങളും സംബന്ധിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പരിഷ്ക്കാരങ്ങൾ സംബന്ധിച്ച കേന്ദ്ര നിർദ്ദേശങ്ങളോടുള്ള സംസ്ഥാന ഗവൺമെന്റിന്റെ നിലപാട് വിശദമാക്കാമോ ;

(സി) കേന്ദ്ര നിർദ്ദേശങ്ങൾ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമാണെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ഡി) എങ്കിൽ വൈദ്യുതി ബോർഡിനെ പോതുമേഖലയിൽ നിലനിർത്തി കൊണ്ട്, വ്യാവസായിക കാർഷിക വികസനത്തിന് പ്രാധാന്യം നൽകി ചുരുങ്ങിയ സമയത്തിനകം എല്ലാവർക്കും വൈദ്യുതി ലഭ്യമാക്കാനുതകുന്ന നയം നടപ്പിലാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) വിലയിരുത്തിയിട്ടുണ്ട്. എന്നാൽ വിശദമായ പഠനം ആവശ്യമാണ്.

(ബി) വൈദ്യുതി മേഖലയുടെ സമഗ്ര പരിഷ്ക്കാരത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും തമ്മിൽ 20-8-2001-ൽ ഒപ്പുവച്ച ധാരണാപത്രത്തിലെ വ്യവസ്ഥകൾ സംസ്ഥാന സർക്കാർ നടപ്പിലാക്കേണ്ടതുണ്ട്. കൂടാതെ പാർലമെന്റ് അംഗീകരിച്ചതും 10-6-2003-ൽ നിലവിൽ വന്നതുമായ 'ഇലക്ട്രിസിറ്റി ആക്ട്-2003'-ലെ വ്യവസ്ഥകൾ നടപ്പിലാക്കാൻ സംസ്ഥാന സർക്കാരിന് സാദ്ധ്യതയുണ്ട്.

(സി) സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യങ്ങൾ പരിഗണിച്ചുകൊണ്ടായിരിക്കും കേന്ദ്ര നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത്.

(ഡി) ഇലക്ട്രിസിറ്റി ആക്ട് 2003-ലെ വ്യവസ്ഥകൾ അനുസരിച്ചുള്ള നടപടികൾ എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly